**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **6768** — 04-04-2018 -ൽ മറുപടിക്ക്

## കോവളം നിയോജകമണ്ഡലത്തിലെ റോഡ് സംരക്ഷണ പ്രവൃത്തികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.വിൻസെന്റ് | | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും<br>വകുപ്പ് മന്ത്രി) |
| എ) | 11.01.2017-ൽ 107/2017/DMD ഉത്തരവ് പ്രകാരം കോവളം നിയോജക മണ്ഡലത്തിൽ അനുവദിച്ച രണ്ട് പ്രവൃത്തികൾ മാറ്റി 25.08.2017-ന് ബഹു: റവന്യൂ വകുപ്പ് മന്ത്രിയ്ക്ക് നൽകിയ കത്തിൽ ആവശ്യപ്പെട്ട കല്ലിയൂർ പഞ്ചായത്തിലെ വെള്ളായണി കിരീടം പാലം മെയിന്റനൻസ്, കാക്കാമൂല കലിങ്ക് - പള്ളത്തുകാക്കൽ റോഡ് സംരക്ഷണത്തിനായി സൈഡ് വാൾ നിർമ്മാണം എന്നീ രണ്ട് പ്രവൃത്തികൾക്കും നാളിതുവരെ അനുമതി ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ)<br>&<br>ബി) | ബഹു: എം,എൽ.എ.-യുടെ 25.08.2017-ലെ നിവേദനത്തിൽ ആവശ്യപ്പെട്ടിരുന്ന കല്ലിയൂർ ഗ്രാമപഞ്ചായത്തിലെ കിരീടം പാലം മെയിന്റനൻസ്, കാക്കാമൂല കലിങ്ക് - പള്ളത്തുകാക്കൽ റോഡ് സൈഡ് വാൾ കെട്ടി കോൺക്രീറ്റിംഗ് എന്നീ രണ്ടു പ്രവൃത്തികൾക്കും തിരുവനന്തപുരം ജില്ലാ കളക്ടർ സമർപ്പിച്ചിരിക്കുന്ന എസ്റ്റിമേറ്റ് പരിശോധിച്ചതിൽ കിരീടം പാലം സംരക്ഷണ ഭിത്തി കോൺക്രീറ്റിംഗും കൈവരി നിർമ്മാണവും, കാക്കാമൂല കലിങ്ക് - പള്ളത്തുകാക്കൽ റോഡിന്റെ സംരക്ഷണ ഭിത്തി കോൺക്രീറ്റിംഗും ആണ് ആവശ്യപ്പെട്ടിരിക്കുന്നത്.<br>10.10.2012-ലെ സ.ഉ.(എം.എസ്) നം. 384/2012/ഡി.എം.ഡി. ഉത്തരവിലെ സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം പ്രകൃതിക്ഷോഭത്തിൽ തകരാറിലായ റോഡുകളുടെയും / മറ്റ് എടുപ്പുകളുടെയും അടിയന്തിര പുനരുദ്ധാരണം മാത്രമാണ് അനുവദനീയം. സംരക്ഷണ ഭിത്തി നിർമ്മാണം, കാന നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ അനുവദനീയമല്ല<br>ബഹു: എം,എൽ.എ. ഭരണാനുമതി നൽകുന്നതിലേയ്ക്കായി ആവശ്യപ്പെട്ടിരുന്ന |

| | | | |
|---|---|---|---|
| ഡി) | ഈ പ്രവൃത്തികളുടെ അനുമതി എപ്പോൾ ലഭ്യമാക്കും എന്ന് വ്യക്തമാക്കാമോ? | | രണ്ടു പ്രവൃത്തികളും സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡപ്രകാരം അനുവദനീയമല്ല എന്ന വിവരം 27.03.2018-ലെ ഡി.എം.2/55/2017/ഡി.എം.ഡി. നമ്പരായ കത്ത് മുഖാന്തിരം ബഹു: എം.എൽ.എ.-യെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ